# ചിറയിൻകീഴ് ബ്ലോക്ക്

# ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 09

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ

ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് പദ്ധതി നിലവിൽ വന്നു. 2006 ഫെബ്രുവരിയിൽ ഇന്ത്യയിലെ 200 ജില്ലകളിൽ കൂടി ഈ പദ്ധതി ആരംഭിച്ചു. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 2008ൽ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ പണി ലഭിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നതും 18വയസ്സ് പൂർത്തിയായ ഏതൊരു വ്യക്തിക്കും തൊഴിലിനായി അപേക്ഷിക്കാം. സ്ത്രീപുരുഷ ഭേദമില്ലാതെ തുല്യവേതനം നൽകുന്നതും തൊഴിലുറപ്പുപദ്ധതിയുടെ പ്രത്യേകതയാണ്. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കാരോ ഇല്ല സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നിലവിൽ വന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് : മണ്ണു-ജല സംരക്ഷണം

| ഫയൽ നമ്പർ | പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|---|
| | | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| I/B-22/2018-19 | Dp/265211 | 29/09/18 | 28/11/18 | 5,00,000 | 4,88,796 |
| I/B-23/2018-19 | Dp/263794 | 29/08/18 | 28/11/18 | 5,00,000 | 4,91,441 |
| I/B-24/2018-19 | Dp/276603 | 02/01/19 | 06/03/19 | 5,00,000 | 4,78,308 |
| I/B-25/2018-19 | Dp/276604 | 04/01/19 | 06/03/19 | 5,00,000 | 4,87,209 |

മണ്ണ് ജല സംരക്ഷണവുമായി ബന്ധപ്പെട്ട നാല് ഫയലുകൾ ആണ് ഞങ്ങൾ പരിശോധിച്ചത്. ഈ വാർഡിൽ 246 പേർ തൊഴിൽകാർഡ് എടുത്തിട്ടുണ്ടെങ്കിൽ 105 സ്ഥിര തൊഴിലാളികളാണ് ഇപ്പോൾ ഉള്ളത്. ഇവരിൽ ഭൂരിഭാഗം പേർക്കും കഴിഞ്ഞ സാമ്പത്തിക വർഷം 100 ദിവസത്തെ തൊഴിൽ ലഭിച്ചു.

🔴കവർ പേജ്

AMC പ്രകാരമുള്ള കവർപേജ് ഉണ്ടായിരുന്നുവെങ്കിലും ജിയോ ടാഗിംഗ് ഓഫ് അസറ്റ്, അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

🔴ചെക്ക് ലിസ്റ്റ്

ചെക്ക്‌ലിസ്റ്റ് ഉണ്ടായിരുന്നു. പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

🔴ആക്ഷൻപ്ലാൻ കോപ്പി ഉണ്ടായിരുന്നു

🔴ഭരണാനുമതി ഉണ്ടായിരുന്നു.

🔴സാങ്കേതിക അനുമതി ഉണ്ടായിരുന്നു.

🔴ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു. ജനകീയ ഭാഷയിലല്ലായിരുന്നു.

🔴 ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉണ്ടായിരുന്നു.

🔴തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു.

🔴തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഉണ്ടായിരുന്നു

🔴 മസ്റ്റർ റോൾ

4 ഫയലുകളിലായി 216 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

ചില മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്ത് കാണപ്പെട്ടു. (10140, 11026, 11028, 12930, 15112, 14897, 16936, 12796-98, 21248, 23623, 25348-50, 20441, 22051)

ചില മസ്റ്റർ റോളുകളിൽ total cash payment രേഖപ്പെടുത്തിയിട്ടില്ല. (12791, 20441, 22115)

ഒരു തൊഴിലാളി മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല എങ്കിലും അറ്റൻഡൻസ് കൊടുത്തു.

🔴 ഫയൽ ടാകിംഗ് ഫോം . ഉണ്ടായിരുന്നു ഒപ്പും സീലും ബന്ധപ്പെട്ട തീയതി ഇല്ലായിരുന്നു.

🔴മൂല്യനിർണയ സാക്ഷിപത്രം ഉണ്ടായിരുന്നു.

🔴മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് ഉണ്ടായിരുന്നു.

🔴 wage list  ഉണ്ടായിരുന്നു

🔴 FTO ഉണ്ടായിരുന്നു

🔴 ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നു.  File no. I/B-24/2018-19ൽ റ്റു സ്റ്റേജ് ഫോട്ടോ മാത്രമേ ഉണ്ടായിരുന്നുള്ളു.

🔴എം ബുക്ക്

എം ബുക്കിൽ ബുക്ക് നമ്പർ, ഒപ്പ് സീൽ എന്നിവ ഉണ്ടായിരുന്നു. എന്നാൽ എം ബുക്കിൽ ക്ലറിക്കൽ മിസ്റ്റേക്ക് ഉണ്ടായിരുന്നു.

🔴 വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

🔴 സൈറ്റ് ഡയറി ഉണ്ടായിരുന്നു.

പദ്ധതിച്ചെലവ് ഇല്ലായിരുന്നു. ടോട്ടൽ വർക്കിംഗ്  ഡേയ്സ്  ഇല്ലായിരുന്നു.

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 കാലഘട്ടത്തിലെ മണ്ണ് ജലസംരക്ഷണവുമായി ബന്ധപ്പെട്ട നാല് ഫയലുകളിലുമായി 83 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്.  സന്ദർശിച്ച പുരയിടങ്ങൾ എല്ലാം തന്നെ കാടുകയറിയ നിലയിലും വെള്ളം കെട്ടിനിന്ന നിലയിലുമായിരുന്നു. ചിലതിൽ മണ്ണിട്ട് നികത്തിയതും മറ്റ് കൃഷികൾ ചെയ്യുന്ന തരത്തിലായിരുന്നു. 19 മഴക്കുഴികളും ഒരു വളക്കുഴിയും കാണാൻ കഴിഞ്ഞു. മഴക്കുഴിയെടുത്തത് തെങ്ങ്, വാഴ തുടങ്ങിയവ നടുന്നതിന് വേണ്ടിയായിരുന്നു എന്ന് തൊഴിലാളികളിൽ നിന്ന് അറിയാൻ കഴിഞ്ഞു. CIBയ്ക്ക് പകരം ബാനറുകൾ ആണ് ഉപയോഗിച്ചിരുന്നത് എന്ന് കൺവീനറിൽ നിന്ന് അറിയുവാൻ സാധിച്ചു.

## ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്

01/11/2019 രാവിലെ 11 മണിക്ക് കൺവീനറുടെ നിർദ്ദേശപ്രകാരം തൊഴിലാളികളെല്ലാം ഒത്തുകൂടിയ സ്ഥലത്ത് എത്തി. തുടർന്ന് ഒരു വി ആർ പി 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും മറ്റു വി ആർ പി മാർ തൊഴിൽ കാർഡ് പരിശോധന നടത്തുകയും  ചെയ്തു. തൊഴിലാളികൾക്കാർക്കും പത്തു അവകാശങ്ങളെപ്പറ്റി കാര്യമായി

അറിവില്ലായിരുന്നു. അവകാശങ്ങളെപ്പറ്റി പറഞ്ഞതിൽ പിന്നെ അവർക്ക് സംശയങ്ങളും പരാതികളും ഉണ്ടായി. തൊഴിലാളികളുടെ ഒപ്പ് ഇല്ലായിരുന്നു. തൊഴിൽ കാർഡ് പൂർണമല്ലായിരുന്നു. തൊഴിൽ കാർഡിനെ പറ്റിയുള്ള നിർദേശങ്ങൾ കൺവീനെർമാർക്ക് ലഭിച്ചിട്ടില്ല എന്നു മനസിലായി. തൊഴിലാളികൾക്ക് എല്ലാ അവകാശങ്ങളും ലഭിക്കുന്നില്ല എന്നറിയാൻ കഴിഞ്ഞു.

## <u>ഗ്രാമസഭ റിപ്പോർട്ട്</u>

**സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ യോഗം**

**ബ്ലോക്ക് : ചിറയിൻകീഴ്**

**പഞ്ചായത്ത് : ചിറയിൻകീഴ്**

**<u>വാർഡ് നമ്പർ : 09</u>**

**അജണ്ട** (തീയതി : **06/11/2019)**

(സമയം : **11.00 am)**

1.ഈശ്വര പ്രാർത്ഥന

2.അധ്യക്ഷയെ തിരഞ്ഞെടുപ്പ്

3.സ്വാഗതം

4.റിപ്പോർട്ട് അവതരണം

5.ചർച്ച

6.തീരുമാനം

7.കൃതജ്ഞത

6-11-2019 ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ ഘടകം അങ്കണവാടിയിൽ കൂടിയ വാർഡ് 9 സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൂടുകയുണ്ടായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ

തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19 വർഷത്തിലെ അവലോകനയോഗം ഗ്രാമസഭയിലെ പ്രധാന നിർദ്ദേശങ്ങളും തുടർനടപടികളും ഉൾക്കൊള്ളുന്ന നടപടി കുറിപ്പ്.

തൊഴിലുറപ്പ് പദ്ധതിയിലെ 84 തൊഴിലാളികൾ ഗ്രാമസഭയിൽ എത്തിയതിൽ നിന്നും 100 ദിവസം തൊഴിൽ ചെയ്ത ഒരു വ്യക്തിയെ അധ്യക്ഷയായി തിരഞ്ഞെടുത്തു. ഈശ്വര പ്രാർത്ഥനയോടു കൂടി യോഗം ആരംഭിച്ചു. സ്വാഗതം പറയുന്നതിനായി സജിനദേവിയെ ക്ഷണിച്ചു. VRP പ്രവർണ്ണ പ്രതിജ്ഞ പറഞ്ഞുകൊടുത്തു, എല്ലാവരും ഏറ്റുചൊല്ലി. തുടർന്ന് VRP രോഹിണി തൊഴിലാളികൾക്ക് അവരുടെ 10 അവകാശങ്ങൾ പറഞ്ഞുകൊടുക്കുകയും VRP വിനീഷ് ഈ പത്ത് അവകാശങ്ങൾ വിശദമായി പറഞ്ഞു കൊടുക്കുകയും ചെയ്തു. അവകാശങ്ങൾ പറഞ്ഞു കൊടുക്കുന്നതിനിടയിൽ ഒരു തൊഴിലാളി അവർക്ക് പഴയ പണിയുടെ കൂലി ഇതുവരെ ലഭിച്ചിട്ടില്ല എന്ന പരാതി പറഞ്ഞു. അതിനു മറുപടിയായി AE രേഷ്മ മാഡം ഫണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് എന്നും തൊഴിലാളികൾക്ക് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ഉള്ളതും ആധാർ സംബന്ധിച്ചതുമായ പ്രശ്നമാണ് കൂലി ലഭിക്കാത്തതിന് കാരണം എന്നും പറഞ്ഞു. ബിആർപി ശ്രീജ മാഡം അതിനു ബാങ്കിൽ പോയി ഇതുമായി ബന്ധപ്പെട്ട അപേക്ഷ കൊടുക്കുകയും അപേക്ഷിച്ചു പരിഹാരം കണ്ടില്ലെങ്കിൽ സോഷ്യൽ ഓഡിറ്റ് ഗ്രൂപ്പിനെ അറിയിക്കുവാനും പറഞ്ഞു. തുടർന്ന് അവകാശങ്ങൾ പൂർത്തീകരിച്ചു. വി ആർ പി ജീതു റിപ്പോർട്ട് അവതരിപ്പിച്ചു.

**ചർച്ച**

ഗ്രാമസഭ കരട് റിപ്പോർട്ടിനെ തുടർന്നുണ്ടായ ചർച്ചയിൽ എല്ലാ തൊഴിലാളികളും പങ്കെടുത്തു. തുടർന്ന് ഒരു തൊഴിലാളി ബാങ്ക് അക്കണ്ടുമായി ബന്ധപ്പെട്ട പരാതി പറഞ്ഞു, ബാങ്ക് ഉദ്യോഗസ്ഥരുടെ തൊഴിലുറപ്പ് തൊഴിലാളികളോടുള്ള മോശമായുള്ള പെരുമാറ്റത്തെ പറ്റി പറഞ്ഞു. ഇത്തരം പരാതികൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട വി ആർ പി മാരെ അറിയിക്കണമെന്ന് ബിആർപി ശ്രീജ മാഡം മറുപടി നൽകി. മസ്റ്റർ റോളുകളിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടാകാതെ സൂക്ഷിക്കണം എന്നു മാഡം പറഞ്ഞു. ടാർപ്പ, കയ്യുറ, ബൂട്ട് ഇവ ഇല്ലെന്നും. അനുവദിക്കണം എന്നും തൊഴിലാളികൾ അഭിപ്രായപ്പെട്ടു. കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ ടാർപ്പ, പ്രഥമ ശുശ്രൂഷകിറ്റ്, തുടങ്ങിയവക്കുള്ള ഫണ്ട് ഇല്ലായിരുന്നു. എന്നാൽ ഈ വർഷം മുതൽ അനുവദിക്കുന്നുണ്ട് അതുകൊണ്ട് ടാർപ്പ മറ്റുള്ള വാങ്ങിയ ബില്ല് കൊണ്ട് വന്നാൽ ചിലവായ തുക തിരികെ ലഭിക്കുമെന്ന് AE മാഡം മറുപടി നൽകി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പ്രേത്യേകം സാലറി അക്കൗണ്ട് തുടങ്ങിയാൽ നല്ലതാണെന്നു തൊഴിലാളികൾ അഭിപ്രായപ്പെട്ടു. അല്ലാത്തപക്ഷം ക്യാഷ് ഡിഡക്ഷൻസ് ഒരുപാട് നടക്കുന്നുണ്ടെന്നും തൊഴിലാളികൾ പറഞ്ഞു. ജമീലാബീവി, കഴിഞ്ഞു പോയ പണിയുടെ അല്ലാതെ ഇപ്പോൾ നടക്കുന്ന പണികൾ കണ്ടാലേ എസ്റ്റിമേറ്റ് പ്രകാരം എല്ലാം കാണാൻ കഴിയു എന്ന് അഭിപ്രായപ്പെട്ടു. തൊഴുത്ത് നിർമാണം, കോഴിക്കൂട്, ടോയ്‌ലറ്റ്, തുടങ്ങിയ ആസ്തി ഉള്ള പണികൾ ചെയ്യാൻ ശ്രെമിക്കണം എന്ന് BRP മാഡം പറഞ്ഞുകൊടുത്തു. പാട്ടക്കൃഷി ചെയ്തതിൽ നാശം സംഭവിച്ചതിനു നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന് തൊഴിലാളികൾ പറഞ്ഞു. വില്ലേജ് ഓഫീസറോട് പ്രശനം പറഞ്ഞു

പരാതി കൊടുക്കാൻ BRP ആവശ്യപ്പെട്ടു. ആസ്തി വികസനവുമായി ബന്ധപെട്ടു ഫാക്ടറി തുറന്നാൽ നന്നാവും എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു. എല്ലാ സാമ്പത്തിക വർഷവും 100 പണി തരണം എന്ന് ആവശ്യം ഉണ്ടായി. 100 പണി കൃത്യമായും തരും. അതുപോലെ ഈ സാമ്പത്തിക വർഷം പണിതുടങ്ങാൻ വൈകുന്നത് ആസ്തി വികസനവുമായി ബന്ധപെട്ടു പദ്ധതികൾ രൂപീകരിക്കുന്നതിന് ഉള്ള കാലതാമസം ആണെന്ന് AE രേഷ്മ മാഡം പറഞ്ഞു. തൊഴിലിടങ്ങളിൽ വച്ചുള്ള അപകടങ്ങൾക്ക് ചികിത്സ ചെലവ് എങ്ങനെ കിട്ടും എന്നുള്ള സംശയത്തിന് AE മറുപടി നൽകി. അപകടങ്ങൾ നടന്നാൽ അപ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കണം എന്നും, മെഡിക്കൽ ചിലവിന്റെ രസീത് പഞ്ചായത്തിൽ നൽകണം എന്നു പറഞ്ഞു. തൊഴിലാളികളുടെ അവകാശങ്ങളെ പറ്റി ഓർമിപ്പിക്കുകയും. അതുപോലെ ഉത്തരവാദിത്വങ്ങൾ പാലിക്കണം എന്നും പറഞ്ഞു കൊടുത്തു. തുടർന്ന് തൊഴിലുറപ്പ് അഗങ്ങൾ ഗ്രാമസഭ റിപ്പോർട്ട് അംഗീകരിക്കുകയും കയ്യടിച്ചു പാസ്സാക്കുകയും ചെയ്തു. ശേഷം ഓവർസിയർ അജിത് കൃതജ്ഞത രേഖപ്പെടുത്തി. ദേശീയ ഗാനത്തോടുകൂടി 1.15pm നു യോഗം അവസാനിപ്പിച്ചു.

തയാറാക്കിയത് | Approved by

VRP വിനീഷകുമാർ ജെ എസ്

VRP ജീതു എസ്

VRP ഗോപിക മുരളി എസ്

VRP രോഹിണി ആർ എൽ

VRP പ്രവർണ്ണ പി

VRP ശ്രീക്കുട്ടി